# പതിനാലാം കേരള നിയമസഭ
## (ഏഴാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1315** **10.08.2017-ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യകൃഷി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ഉൾനാടൻ മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് ഈ സർക്കാർ, നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ ; | എ) | ഉൾനാടൻ മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് ഈ സർക്കാർ, നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധം (എ) ആയി ചേർക്കുന്നു. |
| ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ നിബന്ധനകൾ എന്തെല്ലാമാണ് ; എന്തെല്ലാം ആനുകൂല്യങ്ങളാണ് പദ്ധതിവഴി കൃഷിക്കാർക്ക് നൽകുവാൻ കഴിയുന്നത് ; | ബി) | ഉൾനാടൻ മത്സ്യകൃഷി പദ്ധതി നടപ്പിലാക്കുന്നതിന്റെ നിബന്ധനകളുടെയും ആനുകൂല്യങ്ങളുടെയും വിശദാംശം അനുബന്ധം (ബി) ആയി ചേർക്കുന്നു. |
| സി) പദ്ധതി തുടങ്ങുന്നതിന് ഒരു കർഷകൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടത് ; ഏത് ഉദ്യോഗസ്ഥനെയാണ് ഇതുമായി ബന്ധപ്പെട്ട നടപടികൾക്കായി സമീപിക്കേണ്ടത് ; വിശദ വിവരം നൽകുമോ ? | സി) | ഇതു സംബന്ധിച്ച വിവരങ്ങൾക്കായി അതാത് ജില്ലാ ഫിഷറീസ് ഓഫീസർമാരെയാണ് സമീപിക്കേണ്ടത്. അഡാക്ക് വഴി നടപ്പിലാക്കുന്ന കൈപ്പാട്-പൊക്കാളി നിലങ്ങളിലെ സംയോജിത മൽസ്യ-നെൽകൃഷി പദ്ധതിയ്ക്കായി ബന്ധപ്പെട്ട റീജിയണൽ എക്സിക്യൂട്ടീവ്, അഡാക്ക്, (ആലപ്പുഴ/എറണാകുളം), ഫാംമാനേജർ, ഗവൺമെന്റ് ഫിഷ്ഫാം, എരഞ്ഞോളി എന്നിവരെ സമീപിക്കേണ്ടതാണ്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം (എ)

ഉൾനാടൻ മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. **<u>ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം</u>** - 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതി. ടി പദ്ധതി നടപ്പിലാക്കുന്നതു മുഖേന മത്സ്യോത്പാദനം 4500 കി. ഗ്രാം / ഹെക്ടർ എന്ന നിലയിലേയ്ക്ക് ഉയർത്തുന്നതോടൊപ്പം നിലവിലുള്ള ഉല്പാദനം ഇരട്ടിയാക്കുകയും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഘടക പദ്ധതികൾ ചുവടെ ചേർക്കുന്നു.

   - 650 ഹെക്ടർ പ്രദേശത്ത് മാതൃകാ മത്സ്യകൃഷി ഫാമുകൾ
   - 3000 ഹെക്ടർ പ്രദേശത്ത് ചെറിയ കുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി
   - 3000 ഹെക്ടർ പ്രദേശത്ത് വലിയ കുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി
   - 2000 ഹെക്ടർ പ്രദേശത്ത് ചെമ്മീൻ കൃഷി
   - 3000 ഹെക്ടർ പ്രദേശത്ത് പാടശേഖര മത്സ്യകൃഷി

2. **<u>മത്സ്യസമൃദ്ധി II</u>** - 14 ജില്ലകളിലായി അനുയോജ്യമായ ശുദ്ധജല/ ഓരുജല പ്രദേശങ്ങൾ ഉപയുക്തമാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 2016-17 . വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയാണ് മത്സ്യസമൃദ്ധി II. പ്രസ്തുത പദ്ധതി മുഖേന 951 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും 92,396 കർഷകർ വിവിധ ജലകൃഷി രീതികളിൽ പങ്കാളികളായി 14,230 ഹെക്ടർ പ്രദേശത്ത് വിവിധ കൃഷി രീതികൾ നടപ്പിലാക്കുവാൻ സാധിച്ചതിലൂടെ 28,048 ടൺ മത്സ്യം ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

3. **<u>ബ്ലൂ റെവല്യൂഷൻ പദ്ധതി 2016-17</u>** - 2016-17 സാമ്പത്തിക വർഷം 50% കേന്ദ്രസഹായ പദ്ധതിയായ ബ്ലൂറെവല്യൂഷൻ പദ്ധതിപ്രകാരം മത്സ്യകൃഷിക്കായി പുതിയ കുളങ്ങൾ നിർമ്മിക്കുന്നതിനും, നിലവിലുള്ള കുളങ്ങൾ പുനരുദ്ധാരണം ചെയ്യുന്നതിനും ഓരുജലാശയങ്ങളിലെ കൂടുകൃഷി, മത്സ്യകർഷകർക്കുള്ള പരിശീലനം, എന്നീ പദ്ധതികൾക്കായി 1002.6 ലക്ഷം രൂപയുടെ കേന്ദ്രാനുമതി ലഭിച്ചിരുന്നു, ഇതിൽ 510.1 ലക്ഷം രൂപ കേന്ദ്ര വിഹിതമാണ്. ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ടി പദ്ധതി പ്രകാരം കർഷകർക്ക് യൂണിറ്റ് കോസ്റ്റിന്റെ 50% തുക സബ്സിഡിയായി നൽകുന്നു.

4. **<u>നൂതന മത്സ്യകൃഷി 2016-17</u>** - ഉൾനാടൻ മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനും നൂതന മത്സ്യകൃഷി രീതി വ്യാപിപ്പിക്കുന്നതിനുമായി 2016-17 സാമ്പത്തിക വർഷം 550 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി നടപ്പിലാക്കി വരുന്നു. ഓരുജലമത്സ്യങ്ങളുടെ സമ്മിശ്രമത്സ്യകൃഷി, ഓരുജലമത്സ്യങ്ങളുടെ കൂടുകൃഷി,

റീസർവോയറുകളിലെ കൂടുകൃഷി, രോഗാണുവിമുക്ത കാരചെമ്മീൻ കൃഷി, ആറ്റുകൊഞ്ചുകൃഷി, റീ-സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ചിപ്പി, കല്ലുമ്മേക്കായ് കൃഷി, ഗിഫ്റ്റ് കൃഷി, നാരൻ ചെമ്മീൻ കൃഷി, അന്തരീക്ഷവായു ശ്വസിക്കുന്ന മത്സ്യങ്ങളുടെ കൃഷി എന്നീ ഘടകങ്ങളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

5. **കൈപ്പാട്-പൊക്കാളി നിലങ്ങളിലെ സംയോജിത മൽസ്യ-നെൽകൃഷി പദ്ധതി** - കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്ലൈമറ്റ് ചെയ്ഞ്ചിൽ ഉൾപ്പെടുത്തി "കൈപ്പാട്-പൊക്കാളി നിലങ്ങളിലെ സംയോജിത മൽസ്യ-നെൽകൃഷി പദ്ധതിക്ക്" 25 കോടി രൂപയുടെ അംഗീകാരം നൽകുകയുണ്ടായി. ടി പദ്ധതിയുടെ നിർവ്വഹണ ഏജൻസി നബാർഡും എക്സിക്യൂട്ടീവ് ഏജൻസി അഡാക്കുമാണ്. കേരളത്തിൽ പല കാരണങ്ങളാൽ നാശോൻമുഖമായി കൊ ണ്ടിരിക്കുന്ന പൊക്കാളി/ കൈപ്പാട് നീർതട പ്രദേശങ്ങളെ കാലാവസ്ഥ വ്യതിയാനത്തിന്റെ വിപത്തുകളിൽ നിന്നും സംരക്ഷിച്ച് ഇവിടങ്ങളിൽ പരമ്പരാഗതമായി നിലനിന്നിരുന്ന നെൽകൃഷിയും മൽസ്യ/ചെമ്മീൻ കൃഷിയും പുന:സ്ഥാപിക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. സംസ്ഥാനത്തെ 600 ഹെക്ടർ പൊക്കാളി-കൈപ്പാട് നീർതട പ്രദേശങ്ങളിൽ നെൽകൃഷിയും മത്സ്യകൃഷിയും നടത്താനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. 2015 ഡിസംബർ മാസത്തിൽ അനുവദിച്ച ഈ പദ്ധതി 2015 മുതൽ 2019 വരെ 4 വർഷത്തേക്കുള്ളതാണ്. കേരളത്തിൽ കൈപ്പാട് (കണ്ണൂർ-300 ഹെക്ടർ), പൊക്കാളി നിലങ്ങൾ (എറണാകുളം - 100 ഹെക്ടർ, തൃശൂർ -100 ഹെക്ടർ, ആലപ്പുഴ -100 ഹെക്ടർ) കൃഷി ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

സെക്ഷൻ ആഫീസർ

## അനുബന്ധം (ബി)

ഉൾനാടൻ മത്സ്യകൃഷി പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച നിബന്ധനകളും ആനുകൂല്യങ്ങളും ചുവടെ ചേർക്കുന്നു.

**നിബന്ധനകൾ:**

ഉൾനാടൻ മത്സ്യകൃഷി പദ്ധതി (ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം) നടപ്പാക്കുന്നതിന് സ്വന്തമായോ പാട്ടത്തിനെടുത്തതോ ആയ ജലാശയങ്ങൾ ഉള്ള വ്യക്തിഗത കർഷകർ, കർഷക ഗ്രൂപ്പുകൾ, കർഷകരുടെ സഹകരണ സംഘങ്ങൾ, പാടശേഖര സമിതികൾ, ജല സ്രോതസ്സുകളുള്ള മറ്റു വകുപ്പുകൾ തുടങ്ങിയവർ പദ്ധതിയിൽ ആനുകൂല്യം ലഭിക്കുവാൻ അർഹരാണ്. ഓരോ ഘടക പദ്ധതിയിലും ലഭിക്കുന്ന അപേക്ഷകളുടെ യോഗ്യത ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ പരിശോധിച്ച് പഞ്ചായത്ത് ലെവൽ സ്റ്റീയറിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ് ചെയർമാനും മത്സ്യഭവൻ ഓഫീസർ കൺവീനറുമായുള്ള (പി. എൽ. എസ്. സി.) കമ്മിറ്റിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ ഫിഷറീസ് ഓഫീസർ കൺവീനറുമായ കമ്മിറ്റി (ഡി. എൽ. എസ്. സി.) പരിശോധിച്ച് അംഗീകാരം നൽകുന്നു.

നൂതന മത്സ്യകൃഷി, ബ്ലൂ റെവല്യൂഷൻ പദ്ധതികൾക്കായി സ്വന്തമായോ പാട്ടത്തിനെടുത്തതോ ആയ ജലാശയങ്ങൾ ഉള്ള വ്യക്തിഗത കർഷകർ, കർഷക ഗ്രൂപ്പുകൾ, കർഷകരുടെ സഹകരണ സംഘങ്ങൾ. തുടങ്ങിയവർ പദ്ധതിയിൽ ആനുകൂല്യം ലഭിക്കുവാൻ അർഹരാണ്. ഓരോ ഘടക പദ്ധതിയിലും ലഭിക്കുന്ന അപേക്ഷകളുടെ യോഗ്യത ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ പരിശോധിച്ച് എഫ്.എഫ്.ഡി.എ യുടെ അംഗീകാരം നൽകുന്നതാണ്.

നൂതന മത്സ്യകൃഷി പദ്ധതിയിൽ നടപ്പാക്കുന്നതിനുള്ള നിബന്ധനകളിൽ ഗിഫ്റ്റ് തിലാപ്പിയ കൃഷിക്കായി കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരമുള്ള ബയോസെക്യൂരിറ്റി സംവിധാനം ഒരുക്കി മാത്രമേ തിലാപ്പിയ കൃഷി നടത്തുവാൻ പാടുള്ളുവെന്നും കൃഷിയ്ക്ക് ജില്ലാ മോണിറ്ററിംഗ് സമിതിയുടെ അംഗീകാരം വാങ്ങേണ്ടതാണെന്നും മത്സ്യകൃഷിയ്ക്കായി തെരഞ്ഞെടുത്ത ഫാമുകൾ ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ നിർദ്ദേശപ്രകാരം രജിസ്ട്രേഷൻ നടത്തേണ്ടതാണെന്നും കൃഷിക്കായി ഉപയോഗിക്കുന്ന വിത്തുകൾ രോഗബാധയില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും MPEDA/RGCA നിന്നും അതുപോലെയുള്ള അംഗീകൃത ഏജൻസികളിൽ നിന്നും മാത്രമേ വിത്തുകൾ ശേഖരിച്ച് കൃഷി നടത്തുവാൻ പാടുള്ളൂവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ വെള്ളപ്പൊക്കം നിലനിൽക്കുന്ന സ്ഥലങ്ങളിൽ തിലാപ്പിയ കൃഷി അനുവദനീയമല്ലയെന്നും ഫിഷറീസ് വകുപ്പിന്റെ ഉദ്യോഗസ്ഥർ പരിശോധനനടത്തി അനുമതി നൽകിയ സ്ഥലങ്ങളിൽ മാത്രമേ കൃഷി നടത്താൻ പാടുള്ളുവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. SPF കാരചെമ്മീൻ

കൃഷിയ്ക്കായി കോസ്റ്റൽ അക്വാകൾച്ചർ അതോറിറ്റിയുടെ ലൈസൻസോടുകൂടി കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരമുള്ള ബയോസെക്യൂരിറ്റി സംവിധാനം ഒരുക്കി മാത്രമേ കൃഷി ചെയ്യാൻ പാടുള്ളൂ.

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്ലൈമറ്റ് ചെയ്ഞ്ചിൽ ഉൾപ്പെടുത്തി "കൈപ്പാട്-പൊക്കാളി നിലങ്ങളിലെ സംയോജിത മൽസ്യ-നെൽകൃഷി പദ്ധതി നടപ്പിലാക്കുന്നതിനായി, പദ്ധതിയുടെ ഗുണഭോക്താക്കൾ ഗ്രൂപ്പുകളായിരിക്കണം, പാടശേഖരത്തിന് (കൃഷി നിലത്തിന്) കുറഞ്ഞത് 5 ഹെക്ടർ ജലവിസ്തൃതി ഉണ്ടായിരിക്കണം, പാടശേഖരം നെൽകൃഷി നടത്തി വരുന്നതോ നെൽകൃഷിക്ക് അനുയോജ്യമായതോ ആയ സ്ഥലമായിരിക്കണം,

നിലം പാട്ടത്തിനെടുക്കുന്ന ഗ്രൂപ്പുകൾക്ക് പാടശേഖരത്തിൽ മത്സ്യ/ചെമ്മീൻ/നെൽകൃഷി ചെയ്യുന്നതിനുള്ള അവകാശം കുറഞ്ഞത് 5 വർഷത്തേക്കെങ്കിലും ഉണ്ടായിരിക്കണം, തിരഞ്ഞെടുക്കപ്പെട്ട ഗ്രൂപ്പുകളെ അതത് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അംഗീകരിക്കേണ്ടതാണ്,

<u>കർഷകർക്കുള്ള ആനുകൂല്യങ്ങൾ</u>

1. <u>ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം</u> -

(എ) മാതൃകാ ശുദ്ധജല മത്സ്യകൃഷി ഫാമുകൾ 650 ഹെക്ടർ സ്ഥലത്ത് സ്ഥാപിക്കുന്നതിന് 975 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. യൂണിറ്റ് കോസ്റ്റിന്റെ 50 ശതമാനം (ഒന്നര ലക്ഷം രൂപ ഒരു ഹെക്ടറിന്) ധനസഹായമായി കർഷകന് നൽകുന്നതാണ്.

(ബി) 6000 ഹെക്ടർ സ്ഥലത്ത് ശാസ്ത്രീയ മത്സ്യകൃഷി നടത്തുന്നതിന് ആവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ കർഷകർക്ക് സൗജന്യമായി നൽകുന്നതിനായി 315 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു ഹെക്ടറിന് 7500 എണ്ണം മത്സ്യക്കുഞ്ഞുങ്ങളെ സബ്സിഡിയായി കർഷകന് നൽകുന്നു.

(സി) 3000 ഹെക്ടർ വിസ്തീർണ്ണമുള്ള പാടശേഖരങ്ങൾ ഒരു നെല്ലും ഒരു മീനും പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ സൗജന്യമായി കർഷകർക്ക് നൽകുന്നതിന് 54 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു ഹെക്ടറിന് 3000 എണ്ണം മത്സ്യവിത്ത് സബ്സിഡിയായി കർഷകന് നൽകുന്നു.

(ഡി) 2000 ഹെക്ടർ ഏരിയയിൽ ചെമ്മീൻകൃഷി ചെയ്യുന്നതിനാവശ്യമായ ചെമ്മീൻ വിത്തുകൾ സൗജന്യമായി കർഷകർക്ക് നൽകുന്നതിനായി 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു ഹെക്ടറിന് 40000 എണ്ണം ചെമ്മീൻ വിത്ത് കർഷകന് സബ്സിഡിയായി നൽകുന്നു.

(ഇ മത്സ്യകൃഷി ഫാമുകൾ ഇൻഷ്വർ ചെയ്യുന്നതിന് 82 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**2. നൂതന മത്സ്യകൃഷി പദ്ധതി 2016-17**

| ക്രമ നം. | പദ്ധതികൾ | യൂണിറ്റ് ഏരിയ/ഹെക്ടർ | ധനസഹായനിരക്ക് (ലക്ഷത്തിൽ / ഹെക്ടർ) | ആനുകൂല്യങ്ങൾ (ലക്ഷം/യൂണിറ്റ്) |
|---|---|---|---|---|
| 1 | കുളങ്ങളിൽ ഓരുജല മത്സ്യങ്ങളുടെ കൃഷി | 1 ഹെക്ടർ | 4.30 | 2.15 |
| 2 | ഓരുജല കൂടുകൃഷി | 36 ഘന മീറ്റർ | 3.70 | 1.85 |
| 3 | കുളങ്ങളിലെ അന്തരീക്ഷവായു ശ്വസിക്കുന്ന മത്സ്യങ്ങളുടെ കൃഷി | 0.3 ഹെക്ടർ | 4.00 | 2.00 |
| 4 | അണക്കെട്ടുകളിൽ കൂടുകൃഷി | 640 ഘനമീറ്റർ | 30.00 | 24 |
| 5 | കുളങ്ങളിൽ രോഗാണുവിമുക്ത/കാര ചെമ്മീൻ കൃഷി | 1 ഹെക്ടർ | 4.24 | 2.12 |
| 6 | കുളങ്ങളിൽ നാരൻ ചെമ്മീൻ കൃഷി | 1 ഹെക്ടർ | 4.00 | 2 |
| 7 | ശുദ്ധജല ആറ്റുകൊഞ്ച് കൃഷി | 0.4 ഹെക്ടർ | 2.40 | 1.2 |
| 8 | റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം | 40 ഘന മീറ്റർ | 4.70 | 2.35 |
| 9 | കുളങ്ങളിൽ ഗിഫ്റ്റ് തിലാപ്പിയ കൃഷി | 0.2 ഹെക്ടർ | 3.70 | 1.85 |

**3. ബ്ലൂ റെവല്യൂഷൻ 2016-17**

| ക്രമ നം. | ഘടക പദ്ധതികൾ | യൂണിറ്റ് തുക (രൂപയിൽ) | ആനുകൂല്യങ്ങൾ (50% സബ്സിഡി) |
|---|---|---|---|
| 1 | കേജ് ഫാമിംഗ് | 3.0 ലക്ഷം/യൂണിറ്റ് | 1.50/ യൂണിറ്റ് |
| 2 | പുതിയകുളം സ്ഥാപിക്കുന്നതിന് | 7 ലക്ഷം/ ഹെക്ടർ | 3.5 ലക്ഷം/ഹെക്ടർ |
| 3 | കുളങ്ങളുടെ നവീകരണം | 3.5 ലക്ഷം/ഹെക്ടർ | 1.75 ലക്ഷം/ഹെക്ടർ |

**4.കൈപ്പാട്-പൊക്കാളി നിലങ്ങളിലെ സംയോജിത മൽസ്യ-നെൽകൃഷി പദ്ധതി**

പദ്ധതിപ്രകാരം തെരഞ്ഞെടുത്ത ഗ്രൂപ്പുകൾക്ക് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കും, കൃഷിക്കുമായി 80% സബ്സിഡി നൽകുന്നു. കൈപ്പാട് കൃഷിക്ക് ഒരു യൂണിറ്റിന് പരമാവധി - 16,75,177/- രൂപയും, പൊക്കാളി കൃഷിക്ക്- 16,55,248/- രൂപയുമാണ് സബ്സിഡി.

സെക്ഷൻ ആഫീസർ